LIBRARY ARCHIVES Kerala Legislative Assembly

മായന്നൂർ പാലത്തിന്റെ നിർമ്മാണം

304 [2361] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര-ഒറ്റപ്പാലം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മായന്നൂർ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത പാലത്തിന് ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഈ പാലത്തിന്റെ നിർമ്മാണം മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഈ വർഷം തന്നെ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലത്തിന്റെ തൂണുകളുടെയും ഒരു സ്ലാബിന്റെയും പണി പൂർത്തിയായി ബാക്കി പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) 50,000 രൂപ

(സി ആന്റ് ഡി) ഈ പാലത്തിന്റെ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് നബാർഡ്, ഹഡ്കോ എന്നീ ഏജൻസികളുമായി എഴുത്തുകുത്തു നടത്തിവരുകയാണ്. ധനസഹായം ലഭ്യമാക്കി എത്രയും വേഗം പാലം പണി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മാണം

305 [2362] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മിക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിനായി കൺസ്ട്രക്ഷൻ കോർപ്പറേഷന് ഇതുവരെ എന്തു തുക കൈമാറിയിട്ടുണ്ട്;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണച്ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മാണത്തിന് നബാർഡിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) ഈ പാലത്തിന്റെ പണി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 329.13 ലക്ഷം രൂപ.

(സി) 1,509 ലക്ഷം രൂപ.

(ഡി ആന്റ് ഇ) ഈ പാലത്തിന്റെ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് നബാർഡ്, ഹഡ്കോ എന്നീ ഏജൻസികളുമായി എഴുത്തുകുത്തു നടത്തിവരുകയാണ്. ധനസഹായം ലഭ്യമാക്കി എത്രയും വേഗം പാലം പണി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

പത്തനംതിട്ട ജില്ലയിലെ പാലങ്ങളുടെ പണി തുടങ്ങാൻ നടപടി

306 [2363] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ മനയ്ക്കച്ചിറകടവ്, വള്ളംകുളം, മടത്തുംഭാഗം കടവ്, പടുതോട് കടവ്, കാവനാൽകടവ് പാലങ്ങളുടെ പണി വോളിയം I ബജറ്റിൽ ഉൾപ്പെടുത്തിയത് എന്നാണ്;

(ബി) ഈ പാലം പണിയുടെ ഭാഗമായി മണ്ണുപരിശോധന നടത്തിയോ; എങ്കിൽ എന്നാണ് നടത്തിയത്;

(സി) പ്രസ്തുത പാലം പണിയുടെ ഡിസൈൻ പൂർത്തിയാക്കിയോ; ഇതിൽ ഏതെല്ലാം പാലങ്ങളുടെ പണി എന്ന് തുടങ്ങിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പണി തുടങ്ങിയില്ലെങ്കിൽ അതു തുടങ്ങാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇനിയും പണി തുടങ്ങാനുള്ള പാലങ്ങളുടെ നിർമ്മാണം എന്നു തുടങ്ങാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മനയ്ക്കാച്ചിറകടവ് പാലം .. 1998-1999-ൽ

വള്ളംകുളം പാലം .. 1997-1998 ആന്റ് 1998-1999

മടത്തുംഭാഗം കടവ് പാലം .. 1998-1999-ൽ

പടുതോട് കടവ് പാലം .. 1998-1999-ൽ

കാവനാൽ കടവ് പാലം .. 1998-1999-ൽ

LIBRARY ARCHIVES Kerala Legislative Assembly